## തിരുവനന്തപുരം, ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

വിഷയം:- ആ.വ.ഡ. -ജീവനക്കാര്യം -ഫെയർകോപ്പി സൂപ്രണ്ട് തസ്തികയിൽ താൽക്കാലിക സ്ഥാനക്കയറ്റം നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. ഉത്തരവ് നം. ഇ.എസ്.2-57106/2004/ആ.വ.ഡ., തീയതി 17/01/2006.
2. ഉത്തരവ് നം. ഇ.ഡി.4-70/16/ആ.വ.ഡ., തീയതി 28/01/2017.
3. ഇ.ഡി.4-17705/17/ആ.വ.ഡ., തീയതി 17/06/2017.
4. ഇ.ഡി.4-70/16/ആ.വ.ഡ., തീയതി 12/06/2018.

**ഉത്തരവ് നമ്പർ ഇ.ഡി.4-70/2018/ആ.വ.ഡ., തീയതി: 17/07/2018.**

മേൽ പരാമർശം 1 പ്രകാരമുള്ള ടൈപ്പിസ്റ്റുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും റാങ്ക് നം. 117 വരെയുള്ളവർക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. പരാമർശം (2) പ്രകാരം ശ്രീ. രാമചന്ദ്രൻ ആർ., സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റിന് ഫെയർകോപ്പി സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകിയിരുന്നു. ടിയാന്റെ അപക്ഷ പ്രകാരം 1 വർഷത്തേക്ക് സ്ഥാനക്കയറ്റം ത്യജിക്കുന്നതിന് അനുവാദം നൽകി പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. ടി ഒരു വർഷ കാലയളവ് കഴിഞ്ഞിരിക്കുന്നതിനാൽ ഫെയർകോപ്പി സൂപ്രണ്ട് തസ്തികയിൽ തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസിൽ വിരമിക്കൽ വഴി നിലവിൽ വന്ന ഒഴിവിൽ ശ്രീ. രാമചന്ദ്രൻ ആർ., സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്, ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), കോഴിക്കോട് (റാങ്ക് നം. 92) -നെ 30700-65400 ശമ്പള സ്കെയിലിൽ റൂൾ 31 എ(i) കെ.എസ്. & എസ്.എസ്.ആർ. പ്രകാരം ഫെയർ കോപ്പി സൂപ്രണ്ട് തസ്തികയിൽ 01/07/2018 പ്രാബല്യതീയതിയിൽ താൽക്കാലിക സ്ഥാനക്കയറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു.

ടി വ്യക്തി ജോലിയിൽ പ്രവേശിക്കുന്ന വിവരം ഈ ഓഫീസിൽ യഥാസമയം അറിയിക്കേണ്ടതാണ്.

(ഒപ്പ്)
സി. എം. അജയമോഹൻ
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

സ്വീകർത്താവ്:-
ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ

പകർപ്പ്:-
1. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കോഴിക്കോട്/മലപ്പുറം.
2. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്.
3. ഫയൽ/കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ജിആർആർ-18/07